I. ഇ.ബി. XV1-കേരള നിയമസഭ/II-6

പതിനാറാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഒക്ടോബർ 26, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

ആരോഗ്യമേഖലയിലെ ടാസ്ക് ഫോഴ്സ്

മി. സ്പീക്കർ: സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്തെ തകർക്കുന്നതിന് ലക്ഷ്യമിട്ട് സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും മരുന്ന് കമ്പനികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ചതും പുതിയ ആരോഗ്യനയം ആവിഷ്കരിക്കാൻ തീരുമാനിച്ചതും എസ്.എം.എ. മരുന്ന് പരീക്ഷണം സർക്കാർ ആശുപത്രിയിൽ ആരംഭിച്ചതുംമൂലം രോഗികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഉളവായിട്ടുള്ള ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ കെ. പ്രേംകുമാർ, കെ. രാജൻ പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പൊതുജനാരോഗ്യ രംഗത്ത് ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനും തുടക്കത്തിൽതന്നെയുള്ള രോഗനിർണ്ണയത്തിനും വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനുമാണ് ആരോഗ്യ മേഖലയിലെ വിദഗ്ധരെയും രാജ്യം ആദരിക്കുന്ന വ്യക്തികളെയും ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളത്. വെൽനെസ്-

റീഹാബിലിറ്റേഷൻ സെന്ററുകളുടെ എണ്ണം വർധിപ്പിക്കുന്നതിനും അലോപ്പതി, ആയുർവേദം തുടങ്ങിയ മെഡിക്കൽ വിഭാഗങ്ങളെ സംയോജിപ്പിച്ച് ഹോളിസ്റ്റിക് മെഡിക്കൽ അപ്രോച്ച് സാധ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. അന്താരാഷ്ട്ര മരുന്ന് കമ്പനികളുടെ കുത്തക അവസാനിപ്പിച്ച് ഇന്ത്യൻ കമ്പനികളുടെ ജനറിക് മരുന്ന് വിലകുറച്ച് സ്പൈനൽ മസ്കുലർ അട്രോഫി (എസ്.എം.എ.) ബാധിതർക്ക് ലഭ്യമാക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിലൂടെ 6.5 ലക്ഷം രൂപയ്ക്ക് ലഭ്യമായിരുന്ന മരുന്ന് 15000/- രൂപയ്ക്ക് നൽകാൻ സാധിക്കും. ആരോഗ്യമേഖലയെ മികവുറ്റതാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. കെ. പ്രേംകുമാർ: ടാസ്ക് ഫോഴ്സ് രൂപീകരിച്ചതിലൂടെ സാധാരണക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ചികിത്സാ സൗകര്യങ്ങൾ കോർപ്പറേറ്റ്വൽക്കരിക്കപ്പെടുകയും ആരോഗ്യ സേവനങ്ങൾ സമ്പന്നർക്ക് മാത്രം പ്രാപ്യമാകുന്ന സ്ഥിതിയുണ്ടാകുകയും ചെയ്യും. ടാസ്ക് ഫോഴ്സിന്റെ 16 അംഗ സമിതിയിൽ അഴിമതി ആരോപിതനായ വ്യക്തിയെ ഉൾപ്പെടുത്തിയതും പ്രവർത്തന രൂപരേഖയിൽ സംസ്ഥാനത്തിന്റെ രഹസ്യ സ്വഭാവമുള്ള മെഡിക്കൽ ഡാറ്റ ഉൾപ്പെടുത്തിയതും സംബന്ധിച്ച് വ്യക്തമാക്കണം. ക്ലിനിക്കൽ ട്രയലിനുള്ള മരുന്ന് പരീക്ഷണാടിസ്ഥാനത്തിൽ എസ്.എം.എ. രോഗബാധിതർക്ക് നൽകിയത് ഗുരുതര വീഴ്ചയാണ്. എസ്.എം.എ. രോഗബാധിതർക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്യണം. ജനറിക് മരുന്നുകളുടെ വിതരണത്തിനുള്ള ടെൻഡർ മാനദണ്ഡങ്ങളിൽ നാറ്റ്കോ ഫാർമ ലിമിറ്റഡിന് നിയമവിരുദ്ധമായി ഇളവ് അനുവദിച്ചതും ഷെൽഫ് ലൈഫ് കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്തതും അപലപനീയമാണ്. ആരോഗ്യമേഖലയെ കോർപ്പറേറ്റ്വൽക്കരിക്കാനുള്ള നയത്തിൽനിന്ന് സർക്കാർ പിന്മാറണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): എസ്.എം.എ. രോഗബാധിതർക്കുള്ള മരുന്ന് വാങ്ങിയതിൽ സുതാര്യമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത രോഗബാധിതർക്ക് സൗജന്യമായി മരുന്ന് നൽകാനാണ് ലക്ഷ്യമിടുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സ്വകാര്യ ചികിത്സാ രംഗത്തെ ചൂഷണം അവസാനിപ്പിക്കാനും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കാനുമാണ് ശ്രമിക്കുന്നത്. വെൽനെസ് സെന്ററുകളും റീഹാബിലിറ്റേഷൻ സെന്ററുകളും early detection centre-കളും സ്ഥാപിച്ച് സംസ്ഥാനത്തെ ഹെൽത്ത് ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിനും ആരോഗ്യമേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കും. നടപടിക്രമങ്ങളെല്ലാം പാലിച്ചാണ് നാറ്റ്കോ ഫാർമ ലിമിറ്റഡിൽനിന്നും ജനറിക് മരുന്നുകൾ വാങ്ങി എസ്.എം.എ. രോഗ ബാധിതർക്ക് വിതരണം ചെയ്തത്. സമസ്ത മേഖലകളിലും പുരോഗതി കൈവരിക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

II ശ്രദ്ധ ക്ഷണിക്കൽ

(1) ഭൂമി തരംമാറ്റുന്നതിനും ഭൂനികുതി അടയ്ക്കുന്നതിനുമുള്ള തടസ്സങ്ങൾ

ശ്രീ. റെജി ചെറിയാൻ: ഡിജിറ്റൽ സർവേ പൂർത്തിയായതിനെത്തുടർന്ന് കുട്ടനാട് താലൂക്കിൽ ഭൂമി തരംമാറ്റുന്നതിനും ഭൂനികുതി അടയ്ക്കുന്നതിനും പ്രതിസന്ധി നേരിടുകയാണ്. കാലപ്പഴക്കമുള്ള സെറ്റിൽമെന്റ് രേഖ അനുസരിച്ച് ഡിജിറ്റൽ സർവേ നടത്തിയതിന്റെ ഫലമായി വർഷങ്ങളായി കരമടച്ചിരുന്ന കരഭൂമി കൃഷി സ്ഥലം എന്ന് രേഖപ്പെടുത്തിയതിനാൽ കരമടയ്ക്കുന്നതിനോ പഴക്കംചെന്ന വീടുകൾ പുതുക്കി നിർമ്മിക്കാനോ സാധിക്കുന്നില്ല. റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് നടത്തി പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലുള്ള പുളിങ്കുന്ന്, വെളിയനാട് വില്ലേജുകളിൽ ഡിജിറ്റൽ സർവേ പൂർത്തിയായിട്ടുണ്ട്. 'എന്റെ ഭൂമി' പോർട്ടൽ മുഖേന തരംമാറ്റത്തിന് അപേക്ഷിക്കാൻ നിലവിൽ സാങ്കേതിക തടസ്സങ്ങളൊന്നുമില്ല. കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമെങ്കിൽ യോഗം വിളിച്ചുചേർക്കുന്നതും പഴക്കമുള്ള വീടുകൾ പുതുക്കി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രത്യേകം പരിശോധിക്കുന്നതുമാണ്.

(2) കുളവാഴ വ്യാപന നിയന്ത്രണം

പ്രൊഫ. സി. രവീന്ദ്രനാഥ്: സംസ്ഥാനത്തെ ജലഗതാഗതം, മത്സ്യബന്ധനം, കൃഷി, ആവാസവ്യവസ്ഥ എന്നിവയെ ഗുരുതരമായി ബാധിക്കുകയും അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുകയും ചെയ്യുന്ന കുളവാഴയുടെ വ്യാപനം നിയന്ത്രിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കുളവാഴ ശാസ്ത്രീയമായി നീക്കംചെയ്യുന്നതിനും മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി CWRDM, കാർഷിക സർവകലാശാല, IRTC, കില, കൃഷി-ജലസേചന വകുപ്പുകൾ എന്നിവയുടെ നേതൃത്വത്തിൽ ഒരു കൺസോർഷ്യം രൂപീകരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കുളവാഴ ശാസ്ത്രീയമായി നീക്കംചെയ്യുന്നതിനും മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നതും കാർഷിക സർവകലാശാല, CWRDM, KSCSTE, മത്സ്യ ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക ജനപ്രതിനിധികളുടെയും കർഷകരുടെയും സേവനം പ്രയോജനപ്പെടുത്തുന്നതാണ്.

III **സബ്മിഷൻ**

(1) കോട്ടക്കൽ, വളാഞ്ചേരി ടൗണുകളിൽ ട്രാഫിക് പോലീസ് യൂണിറ്റ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സംസ്ഥാന പോലീസ് സേനയുടെ അംഗബലം ജനസംഖ്യാനുപാതികമായി വർധിപ്പിക്കുന്നതിനും വളാഞ്ചേരി, കോട്ടക്കൽ ടൗണുകളിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിനും കാടാമുഴ പോലീസ് സ്റ്റേഷൻ കോട്ടക്കൽ/വളാഞ്ചേരി സർക്കിളിൽ ഉൾപ്പെടുത്തി ഉത്തരവ് പുനഃക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ജനസംഖ്യാനുപാതികമായി പോലീസ് സേനാംഗങ്ങളുടെ എണ്ണവും വനിതാ പ്രാതിനിധ്യവും വർധിപ്പിക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കോട്ടക്കലിലോ വളാഞ്ചേരിയിലോ റീഅറേഞ്ച്മെന്റിലൂടെ ട്രാഫിക് പോലീസ് സംവിധാനം അനുവദിക്കുന്നതും കാടാമുഴ ഏരിയ പുതുതായി ആരംഭിക്കുന്ന പോലീസ് സ്റ്റേഷനിലേക്ക് മാറ്റി നൽകുന്നതുമാണ്.

(2) പരിയാരം വില്ലേജിലെ ഇ.എസ്.എ. മാപ്പിങ്ങിലെ പിഴവുകൾ

ശ്രീ. സനീഷ്കുമാർ ജോസഫ്: ചാലക്കുടി താലൂക്കിലെ പരിയാരം വില്ലേജിനെ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല മേഖലാ (ESA) പരിധിയിൽ ഉൾപ്പെടുത്തിയത് പുനഃപരിശോധിക്കുന്നതിനും ജനങ്ങളുടെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സംസ്ഥാന സർക്കാർ സമർപ്പിച്ച ഇ.എസ്.എ. ഭേദഗതി നിർദേശങ്ങളിലും മാപ്പിലും പരിയാരം, അതിരപ്പിള്ളി വില്ലേജുകളിലെ ജനവാസ മേഖലകളെയും കൃഷിസ്ഥലങ്ങളെയും സ്വകാര്യ തോട്ടങ്ങളെയും പൂർണ്ണമായും ഇ.എസ്.എ. പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. നിലവിലെ റിപ്പോർട്ടുകളിലെ അപാകതകൾ പരിശോധിച്ച് ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള അന്തിമ ഭൂപടം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടെ പ്രസിദ്ധീകരിക്കും.

(3) പ്രേംനസീർ ജന്മശതാബ്ദി

ശ്രീമതി രമ്യ ഹരിദാസ്: പ്രേംനസീറിന്റെ ജന്മവാർഷികം സമുചിതമായി ആഘോഷിക്കുന്നതിനും 101-ാം ജന്മവാർഷികം മുതൽ എല്ലാ വർഷവും പ്രേംനസീർ കൾച്ചറൽ അക്കാദമി കേന്ദ്രീകരിച്ച് ചലച്ചിത്രമേളയും സിമ്പോസിയവും ഉൾപ്പെടുന്ന അനുസ്മരണ സദസ്സ് നടത്തുന്നതിനും നടപടി സ്വീകരിക്കണം.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): ചിറയിൻകീഴിൽ 'പ്രേംനസീർ സ്മാരക സാംസ്കാരിക നിലയം' സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. 2026-ലെ IFFK-ൽ പ്രേംനസീറിന്റെ അഞ്ച് ചലച്ചിത്രങ്ങൾ ഉൾപ്പെടുത്താനും 2027 ഏപ്രിൽ 7-ാം തീയതി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പ്രേംനസീറിന്റെ ജന്മശതാബ്ദി വിപുലമായി നടത്താനും തീരുമാനിച്ചിട്ടുണ്ട്.

(4) അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ ജനവാസ കേന്ദ്രങ്ങളെ ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് വില്ലേജുകളെയും അരുവിക്കര മണ്ഡലത്തിലെ മണ്ണൂർക്കര, വിതുര വില്ലേജുകളെയും ഇ.എസ്.എ. പരിധിയിൽനിന്നും ഒഴിവാക്കി നെയ്യാർ വന്യജീവി സങ്കേതത്തിന്റെ യഥാർഥ വനാതിർത്തിയിൽ മാത്രം ഇ.എസ്.എ. പരിമിതപ്പെടുത്താൻ സംയുക്ത പരിശോധന നടത്താനും പുതിയ കഡസ്ട്രൽ മാപ്പ് പ്രസിദ്ധീകരിച്ച് ആദിവാസി ഉന്നതികളിലും കർഷകരിലും നിലനിൽക്കുന്ന ആശങ്ക പരിഹരിക്കാനും നടപടി സ്വീകരിക്കണം.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനപ്രകാരം ഇ.എസ്.എ.-യിൽ ഉൾപ്പെട്ടിട്ടുള്ള 33 വില്ലേജുകളെ പൂർണ്ണമായും ഒഴിവാക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് വില്ലേജും ഉൾപ്പെട്ടിട്ടുണ്ട്. നെയ്യാർ വന്യജീവി സങ്കേതത്തിന്റെ പ്രദേശങ്ങൾകൂടി ഉൾപ്പെടുന്ന അമ്പൂരി, വാഴിച്ചൽ വില്ലേജുകളെ പൂർണ്ണമായി ഒഴിവാക്കാൻ നിർദേശിച്ചിട്ടില്ല. പരിസ്ഥിതി

ലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ജനവാസമേഖലകൾ, കൃഷി ഭൂമികൾ, തോട്ടങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിർദ്ദേശം അംഗീകരിപ്പിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(5) മാവേലിക്കര മണ്ഡലത്തിലെ ജലക്ഷാമം

ശ്രീ. എം. എസ്. അരുൺ കുമാർ: മാവേലിക്കര നിയോജകമണ്ഡലത്തിലെ ജലക്ഷാമം പരിഹരിക്കുന്നതിനും കെ.ഐ.പി., പി.ഐ.പി. കനാലുകൾ നവീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനും അക്വഡക്ടുകളുടെ ചോർച്ച പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ജലജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കും. എ.ഡി.ബി., ലോക ബാങ്ക് തുടങ്ങിയ ഫണ്ടിങ് ഏജൻസികളുടെ സഹായത്തോടുകൂടി കനാലുകളുടെ നവീകരണം നടപ്പാക്കാനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ വള്ളിക്കുന്നം പള്ളിക്കൽ ഡിസ്ട്രിബ്യൂട്ടറികൾ ശുചീകരിക്കുന്നതിനുള്ള പ്രവൃത്തികൾ 2026-27 വാർഷിക പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ നടപടികൾ സ്വീകരിച്ചുവരികയാണ്. ആദിക്കാട്ടുകുളങ്ങര അക്വഡക്ടിന്റെ പുനരുദ്ധാരണത്തിനുവേണ്ടി വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്.

(6) ആലുവ ജില്ലാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

ശ്രീ. അൻവർ സാദത്ത്: ജില്ലാശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ ആലുവ ജില്ലാശുപത്രിയിൽ അനുവദിക്കാനും പോസ്റ്റ്മോർട്ടം സമയം ദീർഘിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ആലുവ ജില്ലാശുപത്രിയിൽ 167 അംഗീകൃത തസ്തികകളാണുള്ളത്. കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി അധിക തസ്തികകൾ അനുവദിക്കുന്ന

കാര്യം പരിശോധിക്കുന്നതാണ്. പോസ്റ്റ്മോർട്ടം സമയം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(7) സർക്കാർ ആശുപത്രികളിൽ 24x7 സ്പെഷ്യാലിറ്റി ചികിത്സ

ശ്രീ. നജീബ് കാന്തപുരം: സർക്കാർ ആശുപത്രികളിൽ 24x7 സ്പെഷ്യാലിറ്റി സേവനം നടപ്പിലാക്കുമ്പോൾ പെരിന്തൽമണ്ണ ജില്ലാശുപത്രിയെക്കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സംസ്ഥാനത്ത് 24x7 സ്പെഷ്യാലിറ്റി സേവനം ഏർപ്പെടുത്തുന്നതിനായി ഓരോ ജില്ലയിൽനിന്നും രണ്ട് വീതം ജനറൽ-ജില്ലാ-താലൂക്ക് ആസ്ഥാന ആശുപത്രികളെ തിരഞ്ഞെടുത്ത് പ്രതീക്ഷാ സെന്ററുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാ-ജനറൽ ആശുപത്രികളിൽ 24x7 സ്പെഷ്യാലിറ്റിയും കാത്ത്ലാബ്, സ്ട്രോക്ക് യൂണിറ്റുകളുള്ള പ്രധാന ആശുപത്രികളിൽ കാർഡിയോളജിസ്റ്റ്, ന്യൂറോളജിസ്റ്റ് എന്നിവരുടെയും അപകട അടിയന്തര വിഭാഗങ്ങളിൽ ഓരോ ഷിഫ്റ്റിലും രണ്ട് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും സേവനം ഉറപ്പാക്കുന്നതിനായി അധിക തസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പെരിന്തൽമണ്ണ ജില്ലാശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

(8) കണ്ണൂർ ജില്ലാശുപത്രിയിൽ കാർഡിയോളജിസ്റ്റിന്റെ നിയമനം

ശ്രീ. ടി. ഒ. മോഹനൻ: കണ്ണൂർ ജില്ലാശുപത്രിയിലെ കാർഡിയോളജി ഡോക്ടറുടെ ഒഴിവ് നികത്തുന്നതിനും 24 മണിക്കൂറും സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കണ്ണൂർ ജില്ലാശുപത്രിയിൽ നിലവിലുള്ള രണ്ട് കൺസൾട്ടന്റ് കാർഡിയോളജി തസ്തികകളിൽ ഒരെണ്ണത്തിൽ നിയമനം നടത്തുകയും ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. 24 മണിക്കൂറും സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്നതിനായി തിരഞ്ഞെടുത്ത ആശുപത്രികളിൽ കണ്ണൂർ ജില്ലാശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(9) കോവിഡ് കാലത്ത് വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ

ശ്രീ. അബിൻ വർക്കി കോടിയാട്ട്: സർക്കാർ ആശുപത്രികളിൽ കോവിഡ് കാലത്ത് വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കാതെ ഉപേക്ഷിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കോവിഡ് കാലത്ത് സർക്കാർ ആശുപത്രികളിൽ വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ ദീർഘകാലമായി ഉപയോഗശൂന്യമായി കിടക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷയായി രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. ഉപയോഗിക്കാതെ കിടക്കുന്ന ഉപകരണങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ആവശ്യകത വിലയിരുത്തി മറ്റ് ആശുപത്രികളിലേക്ക് പുനർവിന്യസിക്കുന്നതിനും അറ്റകുറ്റപ്പണികളും പരിപാലനവും സമയബന്ധിതമായി നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പൊതുപണം വിനിയോഗിച്ച് വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗശൂന്യമാക്കുന്നതിന് കാരണക്കാരായവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ ഉപകരണങ്ങളുടെ പ്രവർത്തനവും പരിപാലനവും ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിക്കുന്നതിനും ഇത്തരം പാഴ്ചെലവുകൾ ആവർത്തിക്കാതിരിക്കുന്നതിനും ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(10) പഴയന്നൂർ പഞ്ചായത്തിലെ കാട്ടാന ശല്യം

ശ്രീ. യു. ആർ. പ്രദീപ്: ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ കാട്ടാന ശല്യം തടയാനും വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ആന ഇറങ്ങാൻ സാധ്യതയുള്ള അതിർത്തി പ്രദേശത്ത് 30 കിലോമീറ്റർ ദൂരത്തിൽ 5 ലൈൻ സോളാർ ഫെൻസിങ് സ്ഥാപിക്കുകയും 14 കിലോമീറ്റർ സോളാർ ഫെൻസിങ് സ്ഥാപിക്കാൻ ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലമുള്ള

കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട അപേക്ഷകരിൽ 17 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്; ബാക്കിയുള്ളവർക്കും തുക അനുവദിക്കുന്നതാണ്. ജനവാസ മേഖലകളിൽനിന്ന് ആനകളെ വനത്തിലേക്ക് തിരിച്ചുവിടുന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സ്പെഷ്യൽ ഡ്രൈവ് നടത്തുന്ന കാര്യം പരിഗണനയിലാണ്.

(11) ചാത്തന്നൂർ താലൂക്ക് രൂപീകരണം

ശ്രീ. ബി. ബി. ഗോപകുമാർ: കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): പുതിയ ജില്ലകളും താലൂക്കുകളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠിക്കാൻ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(12) മിൽമ എറണാകുളം മേഖല യൂണിയൻ ഭരണസമിതി അംഗങ്ങളെ അയോഗ്യരാക്കൽ

ശ്രീ. കെ. രാജൻ: മിൽമ എറണാകുളം മേഖല യൂണിയൻ ചെയർമാനെയും കൂറ്റക്കാരായ ഭരണസമിതി അംഗങ്ങളെയും അയോഗ്യരാക്കാനും ക്ഷീരസഹകരണ പ്രസ്ഥാനത്തിന്റെ നിയമാവലിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): മിൽമ എറണാകുളം മേഖല യൂണിയൻ ഭരണ സമിതി അംഗങ്ങളെ അയോഗ്യരാക്കിയതിനെതിരെ സർക്കാരിൽ ഫയൽ ചെയ്ത അപ്പീലുകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായവും രേഖകളും ഹൈക്കോടതി നിർദേശങ്ങളും പരിശോധിച്ച് നിയമാനുസൃതമായി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(13) ചങ്ങനാശ്ശേരി ഫ്ലൈഓവർ നിർമ്മാണം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: ചങ്ങനാശ്ശേരി ഫ്ലൈഓവർ നിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും കരാർ ഏജൻസികളുടെ വീഴ്ചമൂലം ഉണ്ടായിട്ടുള്ള ഗതാഗത വികസന തടസ്സങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): കരാർ ഒപ്പിടുകയും തുടർ നടപടികൾ ആരംഭിക്കുകയും ചെയ്ത ചങ്ങനാശ്ശേരി ഫ്ലൈഓവറിന്റെ അലൈൻമെന്റ് പരിഷ്കരിച്ച് നീളം 350 മീറ്റർ വർധിപ്പിക്കണമെങ്കിൽ ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തുകയും റിവൈസ്ഡ് എ.എസ്.-ഉം ഫിനാൻഷ്യൽ സാങ്ഷനും ലഭ്യമാക്കുകയും ഭൂമി ഏറ്റെടുക്കുകയും ചെയ്യണം. എൻ.എച്ച്-183 നാലുവരി പാതയായി നിർമ്മിക്കുമ്പോൾ പ്രസ്തുത ഫ്ലൈഓവർ രണ്ടുവരിയായി നിർമ്മിക്കുന്നത് ഉചിതമായിരിക്കില്ല. എൻ.എച്ച്.എ.ഐ. അധികൃതരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും എം.എൽ.എ.-യെയും വിളിച്ചുചേർത്ത് ചർച്ച ചെയ്ത് പ്രായോഗിക തീരുമാനം കൈക്കൊള്ളുന്നതാണ്.

(14) കേരള സ്റ്റാമ്പ് ആക്ടിന്റെ ഭേദഗതി

ശ്രീ. കെ. പി. നൗഷാദ് അലി: 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ 31-ാം വകുപ്പ് ഭേദഗതി ചെയ്യാനും അഡ്ജ്യൂഡിക്കേഷൻ പ്രക്രിയയിലെ അശാസ്ത്രീയതകൾ പരിഹരിച്ച് സർക്കാരിന് വരുമാനം വർധിപ്പിക്കാനുമുള്ള ഇടപെടലുണ്ടാകണം.

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. ഒ. ജെ. ജനീഷ്): 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ 31-ാം വകുപ്പ് പ്രകാരമുള്ള അഡ്ജ്യൂഡിക്കേഷൻ ആധാരത്തിന്റെ മുദ്രവില സംബന്ധിച്ച സംശയദൂരീകരണത്തിനുള്ള സംവിധാനമാണ്. സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച നിയമപരമായ ബാധ്യതകളിൽനിന്ന് അപേക്ഷകർ ഒഴിവാകാത്തതിനാൽ റവന്യൂ നഷ്ടം ഉണ്ടാകുന്നില്ല. അഡ്ജ്യൂഡിക്കേഷനായി ലഭിക്കുന്ന ആധാരത്തിന്റെ മുദ്രവില സംബന്ധിച്ച് കളക്ടർ/ജില്ലാ രജിസ്ട്രാർക്ക് സംശയമുള്ളപക്ഷം അത് സർക്കാരിലേക്കോ സർക്കാർ നിശ്ചയിക്കുന്ന അതോറിറ്റിയിലേക്കോ റഫർ ചെയ്യാവുന്നതാണ്. അഡ്ജ്യൂഡിക്കേഷൻ ഉത്തരവുകളുടെ നിർബന്ധിത റിപ്പോർട്ടിങ്, കേന്ദ്രീകൃത ഡാറ്റാ ബേസ് രൂപീകരണം എന്നിവ നിയമവ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടില്ല.

(15) ചോമ്പാൽ ഫിഷിങ് ഹാർബർ നവീകരണം

ശ്രീമതി കെ. കെ. രമ: വടകര നിയോജകമണ്ഡലത്തിലെ ചോമ്പാൽ ഹാർബർ നവീകരിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിന്റെ സമഗ്ര നവീകരണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും ആധുനികവൽക്കരിക്കുന്നതുമാണ്. നാവിഗേഷൻ ചാനലിന്റെയും ബേസിന്റെയും ആഴം വർധിപ്പിക്കുന്നതിനായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി ഡ്രെഡ്ജിങ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടൂറിസം സാധ്യതകളെക്കുറിച്ച് പഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്ത് വച്ചു.

V 113-ാം ചട്ടമനുസരിച്ചുള്ള ഹർജി സമർപ്പണം

സ്കൂൾ ബാഗുകളുടെ അമിതഭാരം

ഹൈസ്കൂൾ വിദ്യാർഥികളുടെ ബാഗുകളുടെ അമിതഭാരംമൂലമുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ എറിയാട് ജി.കെ.വി.എച്ച്.എസ്.എസ്. സ്കൂൾ ലീഡർ ശ്രീ. മുംതസീർ എം.-ന്റെ ഹർജി ശ്രീ. കെ. കെ. വത്സരാജ് എം.എൽ.എ. സമർപ്പിച്ചു.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സ്കൂൾ ബാഗുകളുടെ അമിതഭാരം കുറയ്ക്കാനുള്ള നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 24-11-2026-ന് യോഗം വിളിച്ചുചേർത്തിട്ടുണ്ട്.

VI റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1. 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിങ്) കേരളം ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.
2. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.
3. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

VII നിയമനിർമ്മാണ കാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

(i) 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ പാസ്സാകുന്നതോടുകൂടി കോടതി വ്യവഹാരത്തിൽ ഏർപ്പെടുന്ന കക്ഷികൾക്ക് കൂടുതൽ ബാധ്യത വരുന്നതാണ്. കേന്ദ്ര നിയമങ്ങളെ അസാധുവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ നിയമം പാസ്സാക്കിയാൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടും. സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം ധനകാര്യ മെമ്മോറാണ്ടത്തിലൂടെ വ്യക്തമാക്കണം.

ശ്രീ. പി. കെ. പ്രവീൺ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേന്ദ്ര നിയമങ്ങളിലെ റീഫണ്ട് വ്യവസ്ഥകൾ പരിഗണിക്കാതെ ഫീസ് തിരികെ നൽകില്ലെന്ന ബില്ലിലെ അവകാശവാദം നിയമക്കുരുക്കിലേക്ക് നയിക്കും.

ശ്രീ. കെ. രാജൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മധ്യസ്ഥത, ലോക് അദാലത്ത് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ തർക്കം പരിഹരിക്കുന്നവർക്ക് കോടതി ഫീസ് തിരികെ നൽകാതിരിക്കുന്നത് കോടതികളിലെ തിരക്ക് കുറയ്ക്കുകയെന്ന നയത്തെ പ്രതികൂലമായി ബാധിക്കും. ഭേദഗതി നിലവിൽ വരുന്നതിനുമുമ്പ് ഒത്തുതീർപ്പായ കേസുകളിൽ റീഫണ്ട് ഉത്തരവ് ലഭിച്ചിട്ടും തുക ലഭിക്കാത്ത കേസുകൾ, തീർപ്പാക്കാത്ത റീഫണ്ട് അപേക്ഷകൾ എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തണം.

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീമതി ഒ. എസ്. അംബിക: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാന തത്വം അട്ടിമറിക്കുന്ന ഭേദഗതിയാണിത്. കോടതി വ്യവഹാരങ്ങൾക്ക് അധികമായി അടച്ച തുക, വാദം കേൾക്കുന്നതിലേക്ക് എത്താത്ത കേസുകളുടെ ഫീസ് തുടങ്ങിയവ തിരികെ നൽകില്ലെന്ന് പറയുന്നത് നീതികേടാണ്. മധ്യസ്ഥത, ലോക് അദാലത്ത് തുടങ്ങിയ മാർഗങ്ങളിലൂടെ തർക്കം പരിഹരിക്കുന്നവർക്ക് കോടതി ഫീസ് തിരികെ നൽകാതിരിക്കുന്നത് കോടതികളിലെ തിരക്ക് കുറയ്ക്കുക എന്ന നയത്തെ പ്രതികൂലമായി ബാധിക്കും.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ റെക്കറിങ് & നോൺ റെക്കറിങ് എക്സ്പെൻഡിച്ചർ മാത്രമേ ഉൾപ്പെടുന്നുള്ളൂ. അധിക കോർട്ട് ഫീസായി ഈടാക്കുന്ന തുകയുടെ 70 ശതമാനം കേരള അഭിഭാഷക ക്ഷേമനിധിയിലേക്കും 30 ശതമാനം കേരള അഡ്വക്കേറ്റ് ക്ലാർക്ക് വെൽഫെയർ ഫണ്ടിലേക്കുമാണ് പോകുന്നത്. ഈ രണ്ട് ഫണ്ടുകളുടെയും 10% തുക വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് നീക്കിവയ്ക്കാറുണ്ട്. അതിനാൽ സർക്കാരിന് നഷ്ടമുണ്ടാകുന്നില്ല.

പ്രായോഗികമായി ഈ തുക റീഇംബേഴ്സ് ചെയ്യാൻ സാധിക്കില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയും ഈ വിഷയത്തിൽ പരാതികൾ വന്ന സാഹചര്യത്തിലും ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യംകൂടി പരിഗണിച്ചുമാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

183, 197, 198, 203, 206, 211, 213, 220, 225, 226, 227, 228, 229, 230, 232, 236, 239, 240, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

121, 145, 161, 181 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൂന്നാം വായന

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പാസാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസാക്കി.

(ii) 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു മത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): 1951-ലെ മദ്രാസ് ഹിന്ദു മത ധർമ്മ എൻഡോവ്മെന്റ് ആക്ടിന്റെ പരിധിയിൽവരുന്ന മത സ്ഥാപനങ്ങളുടെയും എൻഡോവ്മെന്റുകളുടെയും ഭരണനിർവഹണവുമായി ബന്ധപ്പെട്ട കണക്കുകൾ, ആഡിറ്റ്, ആനുകാലിക റിട്ടേണുകൾ, റിപ്പോർട്ടുകൾ, ആഡിറ്റ് റിപ്പോർട്ടിന്റെ മാതൃകയും ഉള്ളടക്കവും തുടങ്ങിയവ ഫസലി വർഷം അടിസ്ഥാനമാക്കിയാണ് തയ്യാറാക്കി വരുന്നത്. മലബാർ ദേവസ്വം ബോർഡ് സർക്കാരുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക കണക്കുകളും സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ കലണ്ടർ വർഷം അടിസ്ഥാനമാക്കി ക്ഷേത്ര കണക്കുകൾ തയ്യാറാക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നതുകൊണ്ടാണ് ആക്ടിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചത്. ഫസലി വർഷം അനുസരിച്ച് 1994 ജനുവരി 1 മുതൽ പരിപാലിച്ചുവന്ന ക്ഷേത്ര കണക്കുകൾ ഈ ഭേദഗതി നിയമം പ്രാബല്യത്തിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്ന തീയതിവരെ കലണ്ടർ വർഷം അടിസ്ഥാനമാക്കി ചെയ്തിട്ടുള്ള നടപടികൾ സാധൂകരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിയമം പ്രാബല്യത്തിൽ വരുമ്പോഴുണ്ടാകുന്ന പ്രായോഗിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകളൊന്നും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. മലബാർ ദേവസ്വം ബോർഡിനു കീഴിൽ നിരവധി ക്ഷേത്രങ്ങളും ജീവനക്കാരുമുണ്ടെങ്കിലും തനതു വരുമാനം കണ്ടെത്താനാകാതെ പല ക്ഷേത്രങ്ങളും പ്രതിസന്ധിയിലാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഫസലി വർഷത്തിനുപകരം സാമ്പത്തിക വർഷമാക്കി മാറ്റുന്ന ബില്ലിന്റെ പ്രാബല്യ തീയതി കൃത്യമായി സൂചിപ്പിക്കാത്തത്

ആശാസ്യമല്ല. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാതെ ബില്ലിൽ ഉൾപ്പെടുത്തിയ 6 (b) വകുപ്പ് പൂർണ്ണമായും ഒഴിവാക്കണം. കോടതിയുടെ ഇടപെടലുകൾ തടയുന്ന ഇത്തരമൊരു വകുപ്പ് കൊണ്ടുവരാനുണ്ടായ സാഹചര്യം വ്യക്തമാക്കണം. മറ്റ് ദേവസ്വം ബോർഡുകൾ നൽകുന്നതിന് സമാനമായ വേതനം മലബാർ ദേവസ്വം ബോർഡ് ജീവനക്കാർക്കും ഉറപ്പാക്കണം. കുടിശ്ശിക തുക വിതരണം ചെയ്യുകയും ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കുകയും പെൻഷൻ തുക വർധിപ്പിക്കുകയും ചെയ്യണം.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പട്ടികജാതി-പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരെ പൂജാ കർമ്മങ്ങൾ പഠിപ്പിച്ച് അമ്പലങ്ങളിൽ നിയമിച്ചതുപോലുള്ള നടപടികൾ തുടർന്നുമുണ്ടാകണം. ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള നിയമനങ്ങൾ നടത്തണം. സ്വകാര്യ വ്യക്തികൾ നിയമവിരുദ്ധമായി കൈയേറിയ ദേവസ്വം ഭൂമി തിരിച്ചുപിടിക്കാൻ മുൻകൈയെടുക്കണം. ക്ഷേത്രങ്ങളെ പരിസ്ഥിതി സൗഹൃദമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ക്ഷേത്രങ്ങൾക്കുള്ള ഗ്രാന്റ് വർധിപ്പിച്ച് നൽകുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. സജി ചെറിയാൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. പി. പി. സുമോദ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെൻഡ്മെന്റ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മാതൃകയിൽ മലബാർ ദേവസ്വം ബോർഡിനെയും സ്വയംപര്യാപ്തത ഏകീകൃത ദേവസ്വം സംവിധാനമാക്കി മാറ്റണം.

<u>ശ്രീ. കെ. പ്രവീൺ കുമാർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെൻഡ്മെന്റ്)

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഫസലി വർഷത്തിൽനിന്ന് സാമ്പത്തിക വർഷത്തിലേക്ക് മാറുന്നത് മലബാർ ദേവസ്വം ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങളെ ലഘൂകരിക്കും. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി(ശ്രീ. കെ. മുരളീധരൻ): ബില്ലിലെ 6 (b) വകുപ്പ് കോടതി ഇടപെടലുകൾക്ക് തടസ്സമുണ്ടാക്കുകയില്ല. പൂർണ്ണ അധികാരമുള്ള മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനുള്ള നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെൻഡ്മെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും നാലും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

159-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

167. After clause 5, the following clause shall be added, namely:-

"6. *Special provision and validation*.- Notwithstanding anything contained in the principal Act or in any judgment, decree or order of any court,-

(a) the use of the expression "fasli year" in the principal Act on and from the 1st day of January, 1994 to the date of commencement of the Madras Hindu Religious and Charitable Endowments (Amendment) Act.....(.....of....), shall be deemed to be a "year" as defined in sub-clause (42) of section 2 of the Travancore-Cochin Interpretation and General Clauses Act, 1125 (ME) (Act VII of 1125) and all acts, proceedings and anything done or taken or deemed to have been done or taken by the Government or the Board or religious institutions based on such year shall, for all purposes, be deemed to have been validly done or taken in accordance with law as per the principal Act;

(b) no suit or other legal proceedings shall be instituted, maintained, or continued in any court against the Government, the Board, any religious institution or any other person or authority in respect of any claim whatsoever.".

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

പുതുതായി ചേർത്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു

166. In clause 1, for sub-clause (2), the following sub-clause shall be substituted, namely:-

"(2) It shall come into force on such date as the Government may, by notification in the Official Gazette, appoint.

118, 124, 131, 132, 137, 138, 143, 146, 149, 150, 154 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): 2026-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റുകൾ (അമെൻഡ്മെന്റ്) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റുകൾ (അമെൻഡ്മെന്റ്) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(iii) 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ബില്ലിന്റെ അവതരണവേളയിൽ ഇതിന്റെ ലക്ഷ്യത്തെക്കുറിച്ച് വ്യക്തമാക്കിയിരുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പുതിയ നിയമം നിലവിൽ വരുമ്പോൾ പഴയ നിയമം അസാധുവാകുമെന്ന സാങ്കേതിക പ്രശ്നമുണ്ട്. കേന്ദ്ര സർക്കാർ പാസാക്കിയ 2023-ലെ BNSS (ഭാരതീയ നാഗരിക് സുരക്ഷാ സംഹിത) പ്രകാരമുള്ള കുറ്റങ്ങൾ പലതും ഈ ബിൽ പ്രകാരം കോഗ്നൈസബിളും ജാമ്യം ലഭിക്കാവുന്നതും ആയിരിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സൈബർ പോലീസ് സ്റ്റേഷനുകളിൽ മുതിർന്ന പൗര സൈബർ സെൽ സ്ഥാപിക്കുമെന്നും സംസ്ഥാന-ജില്ലാതലങ്ങളിൽ പുതിയ യൂണിറ്റുകളും ഫോറങ്ങളും രൂപീകരിക്കുമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും സാമ്പത്തിക ബാധ്യത സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ജില്ലാതല മുതിർന്ന പൗരസംരക്ഷണ ഫോറത്തിന്റെയോ മുതിർന്ന പൗരസംരക്ഷണ യൂണിറ്റിന്റെയോ ചെയർപേഴ്സണിന്റെ സാന്നിധ്യത്തിൽ ലിവിങ് വിൽ തയ്യാറാക്കണമെന്ന ബില്ലിലെ വ്യവസ്ഥ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്.

ശ്രീ. പി. കെ. പ്രവീൺ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിലെ ലിവിങ് വിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായതിനാൽ അത് മറികടക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ടോയെന്ന് പരിശോധിക്കണം.

ശ്രീ. കെ. രാജൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിലെ 2(എ)-യിൽ 'പീഢനം' എന്ന പദത്തിനുപകരം 'അതിക്രമം' എന്ന് മാറ്റുന്നത് കുറച്ചുകൂടി വ്യക്തതയുണ്ടാക്കും. വയോജനങ്ങളുടെ അവകാശങ്ങളും ഡിജിറ്റൽ ഉൾപ്പെടുത്തലുകളും കൃത്യമായി നടപ്പാക്കാൻ ബില്ലിൽ വിഭാവന ചെയ്യുന്ന ഔദ്യോഗിക സംവിധാനങ്ങൾക്ക് സാധിക്കുമോയെന്ന ആശങ്കയുണ്ട്. വിവിധ പദ്ധതികളും വാഗ്ദാനങ്ങളും നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ച് കൃത്യമായ ആസൂത്രണമുണ്ടാകണം. മെഡിക്കൽ ബോർഡ്, ജ്യൂഡീഷ്യൽ സംവിധാനം തുടങ്ങിയവയുടെ

കൃത്യമായ മേൽനോട്ടമില്ലാതെ തന്ത്രപ്രധാനരേഖ ഒപ്പുവയ്ക്കാൻ അഡ്മിനിസ്ട്രേറ്റീവ് ഫോറത്തിന് അനുവാദം നൽകുന്നത് ദുരുപയോഗം ചെയ്യാൻ കാരണമാകുമോ എന്നത് പരിശോധിക്കണം. ലിവിങ് വിൽ പിൻവലിക്കാനുള്ള നടപടിയും അത് തയ്യാറാക്കുന്നവരുടെ മാനസികാരോഗ്യം സംബന്ധിച്ച സാക്ഷ്യപത്രവും ബില്ലിൽ ഉൾപ്പെടുത്തണം. തൊഴിൽ മേഖലകളിലും പൊതു ഇടങ്ങളിലും മുതിർന്ന പൗരൻമാർ നേരിടുന്ന വിവേചനങ്ങൾക്കെതിരെയുള്ള ശിക്ഷാവ്യവസ്ഥകൾ സംബന്ധിച്ച് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. വയോജനങ്ങൾക്ക് സ്റ്റേറ്റ് റിസർവ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള സാമ്പത്തിക പ്ലാൻ ബില്ലിലില്ല. ബന്ധുക്കൾ ആധാരം മുഖേന സ്വത്ത് എഴുതിവാങ്ങിയശേഷം അവഗണിക്കുന്നത് തടയുന്നതിന് വ്യവസ്ഥയില്ല. വയോജനങ്ങളിൽനിന്നും സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന അമിത ചികിത്സാചെലവ് നിയന്ത്രിക്കുന്നത് സംബന്ധിച്ചും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനുള്ള സേവിങ് ക്ലോസുകളും ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. സബ് രജിസ്ട്രാർ ഓഫീസ്, ബാങ്ക്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ വയോജനങ്ങളുടെ അവകാശങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തണം. 'ടൈം ബാങ്ക് നെറ്റ്വർക്ക്' സംവിധാനവും 'വയോജന വിദ്യാലയം' എന്ന ആശയവും ബില്ലിന്റെ ഭാഗമാക്കാനാകുമോയെന്ന് പരിശോധിക്കണം. വയോജനങ്ങൾക്കായി ഹാൻഡ്ക്രാഫ്റ്റ്, ഓർഗാനിക് ഫാമിങ് തുടങ്ങിയ ലഘുവരുമാന പദ്ധതികളും അവർ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാനായി വയോജന ചന്തകളും സൗജന്യ സ്റ്റാളുകളും അനുവദിക്കുന്ന കാര്യവും പരിഗണിക്കണം. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള സംസ്ഥാന കരുതൽ നിധിയിലേക്ക് പ്ലാൻ ഫണ്ട് നീക്കിവയ്ക്കാത്തതും അധികാര വികേന്ദ്രീകരണത്തിന്റെ അഭാവവും ബില്ലിലെ പോരായ്മകളാണ്.

<u>ശ്രീ. പി. കെ. ഫിറോസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വയോജനങ്ങളെ ചേർത്തുപിടിക്കുന്ന ബില്ലാണിത്. വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്ന മുതിർന്ന പൗരന്മാർക്ക് തങ്ങളുടെ ബുദ്ധിമുട്ടുകൾ അറിയിക്കാനായി ഒരു ടോൾ ഫ്രീ നമ്പർ സജ്ജമാക്കണം. വയോജനങ്ങളുടെ

കലാ/കായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കലോത്സവങ്ങൾ സംഘടിപ്പിക്കാൻ സംവിധാനമുണ്ടാകണം.

<u>ശ്രീമതി ഉമ തോമസ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹിക പുരോഗതിക്കും വയോജനക്ഷേമത്തിനും ഉതകുന്ന നിയമനിർമ്മാണമാണിത്. മുതിർന്ന പൗരന്മാരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർക്കും ദീർഘകാല പരിചരണം ആവശ്യമായവർക്കും കൂടുതൽ പിന്തുണ നൽകണം. മുതിർന്ന പൗരന്മാരുടെ അനുഭവസമ്പത്തും പരിചയവും വരുംതലമുറയ്ക്ക് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുമെന്ന സന്ദേശമാണ് ഈ ബില്ലിലൂടെ പൊതുസമൂഹത്തിൽ എത്തുന്നത്. സംസ്ഥാന-ജില്ലാതല മുതിർന്ന പൗരസംരക്ഷണ യൂണിറ്റിന്റെ രൂപീകരണവേളയിൽ സർവീസ് പെൻഷനേഴ്സിനെക്കൂടി അംഗങ്ങളായി ഉൾപ്പെടുത്തണം.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): അംഗങ്ങളുടെ വിലപ്പെട്ട നിർദേശങ്ങളെ സ്വാഗതം ചെയ്യുന്നു. കേന്ദ്ര നിയമത്തിന് വിരുദ്ധമായ ഒരു വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. മുതിർന്ന പൗരന്മാരുടെ പരിചരണവും അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ടതാണ് ഈ നിയമം. മുതിർന്ന പൗരന്മാർക്ക് പരാതി നൽകാനായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തണമെന്നും അവരുടെ പ്രോഡക്ടുകൾ മാർക്കറ്റ് ചെയ്യാനുള്ള സംവിധാനം ഉണ്ടാകണമെന്നുമുള്ള നിർദേശങ്ങൾ സ്വാഗതാർഹമാണ്. വയോജനങ്ങൾക്കായി 'Care giving course' ആരംഭിക്കാനുള്ള സാധ്യത പരിശോധിക്കുന്നതാണ്. കേരള നിയമസഭയ്ക്ക് അഭിമാനിക്കാൻ കഴിയുന്ന ഒരു മാതൃകാ നിയമമായിരിക്കുമെന്നതിനാൽ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1282. ഖണ്ഡം 2(ജി)-ൽ "വകുപ്പിലെ" എന്നതിന് പകരം "ഖണ്ഡത്തിലെ" എന്ന് ചേർക്കുകയും " വകുപ്പ്" എന്നതിന് പകരം "ഖണ്ഡം" എന്ന് ചേർക്കുകയും ചെയ്യുക.

1283. ഖണ്ഡം 2(കെ)-ൽ "ദത്തെടുത്ത പുത്രൻ, ദത്തെടുത്ത പുത്രി" എന്നതിന് പകരം "ദത്ത് പുത്രൻ, ദത്ത് പുത്രി" എന്ന് ചേർക്കുക.

1284. ഖണ്ഡം 2(പി)-ൽ "കഴിവില്ലാത്ത" എന്നതിന് പകരം "ശേഷിയില്ലാത്ത" എന്ന് ചേർക്കുക.

1285. ഖണ്ഡം 2(ആർ)-ൽ "സുരക്ഷിതത്വത്തോടെ അന്തസ്സുള്ള ജീവിതം" എന്നതിന് പകരം "സുരക്ഷിതത്വത്തോടെ മാന്യമായ ജീവിതം" എന്ന് ചേർക്കുക.

1286. ഖണ്ഡം 2(വി)-ൽ "അഥവാ" എന്നതിന് പകരം "അല്ലെങ്കിൽ" എന്ന് ചേർക്കുകയും "അപ്രകാരം" എന്നത് ഒഴിവാക്കുകയും ചെയ്യുക.

244, 245, 246, 250, 251, 252, 257, 258, 259, 260, 261, 262, 266, 267, 272, 273, 275, 280, 284, 285, 286, 290, 291, 292, 293, 298, 300, 303, 304, 306, 311, 314, 315, 316, 318, 322, 323, 324, 327, 330, 334, 335, 336, 338, 344, 345, 346, 347, 353, 357, 363, 367, 368, 370, 373, 377, 379, 381, 385, 386, 387, 395, 398, 399, 400, 401, 403, 406, 411, 413, 414, 416, 421, 424, 425, 426, 429, 435, 436, 440, 443, 444, 445, 448, 451, 452, 453, 454, 456, 457, 460, 461, 464, 468, 471, 476, 479, 480, 482, 485, 486, 487, 489, 492, 496, 499, 500, 504, 508, 510, 511, 512, 516, 518, 520, 521, 522, 526, 528, 530, 531, 532, 536 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

352. ഖണ്ഡം 2(ജി)-ൽ " ഇലക്ട്രോണിക് ഡിജിറ്റൽ ഓൺലൈൻ" എന്നതിന് പകരം " ഇലക്ട്രോണിക്, ഡിജിറ്റൽ, ഓൺലൈൻ, സ്വയം പ്രവർത്തിത" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

513. ഖണ്ഡം 2(ഇസഡ് സി)-ൽ " ക്ഷേമം" എന്നതിന് ശേഷം " , അന്തസ്സ്" എന്ന് ചേർക്കുക.

529. ഖണ്ഡം 2(ഇസഡ് ജി)-ൽ " അറുപതോ അതിലധികമോ വയസ്സ് പൂർത്തിയായതുമായ" എന്നതിന് പകരം " അറുപത് വയസ്സ് പൂർത്തിയായ" എന്ന് ചേർക്കുക.

533. ഖണ്ഡം 2(ഇസഡ് ഐ)-ൽ " എന്നർത്ഥമാകുന്നതും" എന്നതിന് ശേഷം " വ്യക്തികളോ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

322. ഖണ്ഡം 2(ഇ)-ൽ " പരിചരണദാതാക്കൾക്കും" എന്നതിന് ശേഷം " മുതിർന്ന പൗരൻമാരുടെ" എന്ന് ചേർക്കുക.

334. ഖണ്ഡം 2(എഫ്)-ൽ, " സാമൂഹിക സേവനങ്ങൾ" എന്നതിന് ശേഷം " തൊഴിൽ സൗകര്യം," എന്ന് ചേർക്കുക.

335. ഖണ്ഡം 2(എഫ്)-ൽ " വിനോദം" എന്നതിന് ശേഷം " , വിജ്ഞാനം" എന്ന ചിഹ്നവും വാക്കും ചേർക്കുക.

381. ഖണ്ഡം 2(ജെ)-ൽ " സാമ്പത്തിക ചൂഷണം" എന്നതിന് ശേഷം " , സ്വത്ത് തട്ടിയെടുക്കൽ, വിൽപ്പത്രം / ആധാർ / ബാങ്ക് രേഖകളിൽ ബലപ്രയോഗം നടത്തി ഒപ്പിടുവിക്കൽ,

വൈകാരികമായ ഭീഷണിപ്പെടുത്തൽ, ഡിജിറ്റൽ / സൈബർ സാമ്പത്തിക തട്ടിപ്പ്" എന്ന് ചേർക്കുക.

385. ഖണ്ഡം 2(കെ)-ൽ " മുതിർന്ന പൗരന്റെ" എന്നതിന് ശേഷം "ഭാര്യ, ഭർത്താവ്" എന്ന് ചേർക്കുക.

415. ഖണ്ഡം 2(ഒ)-യിൽ "നിലനിർത്തുന്നതിനും" എന്നതിന് പകരം "മെച്ചപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

425. ഖണ്ഡം 2(ഒ)-യിൽ " സംവിധാനമോ ആതിഥേയ സ്ഥലമോ" എന്നതിന് പകരം " ആതിഥേയ സ്ഥലമോ, അങ്ങനെയുള്ള സംവിധാനങ്ങളോ" എന്ന് ചേർക്കുക.

440. ഖണ്ഡം 2(ക്യു)-ൽ " കുടുംബാംഗം ഉണ്ടായിരുന്നിട്ടും ആ അംഗം സംരക്ഷിക്കാത്തതിനാൽ" എന്നതിന് പകരം " കുടുംബാംഗങ്ങൾ ഉണ്ടായിരുന്നിട്ടും അവർ സംരക്ഷിക്കാത്തതിനാൽ" എന്ന് ചേർക്കുക.

456. ഖണ്ഡം 2(എസ്)-ൽ " കീമോതെറാപ്പി," എന്നതിന് ശേഷം " ഡയാലിസിസ്," എന്ന് ചേർക്കുക.

468. ഖണ്ഡം 2(റ്റി)-ൽ, " മുനിസിപ്പാലിറ്റിയോ" എന്നതിന് ശേഷം " മുനിസിപ്പൽ കോർപ്പറേഷനോ" എന്ന് ചേർക്കുക.

485. ഖണ്ഡം 2(ഡബ്ല്യു)-ൽ " മാത്രം കൈകാര്യം ചെയ്യുന്നതിനായി നിയോഗിക്കുന്ന ഓരോ പോലീസ് സ്റ്റേഷനിലും" എന്നതിന് പകരം " കൈകാര്യം ചെയ്യുന്നതിനായി ഓരോ പോലീസ് സ്റ്റേഷനിലും നിയോഗിക്കുന്ന" എന്നത് ചേർക്കുക.

504. ഖണ്ഡം 2(ഇസഡ്)-ൽ "ആത്മീയമോ" എന്നത് ഒഴിവാക്കുക.

511. ഖണ്ഡം 2(ഇസഡ് ബി)-ൽ " പിതൃസ്വത്തോ" എന്നതിന് പകരം " അനന്തരാവകാശമായി സിദ്ധിച്ച സ്വത്തോ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

515, 537, 538, 544, 545, 546, 547, 548, 557, 558, 563, 564, 566, 571, 575, 578, 580, 588, 594, 599, 607, 614, 616, 617, 618, 620, 623, 626, 628, 629, 672 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു

544. ഖണ്ഡം 3(i)-ൽ "പീഡനങ്ങളിൽ നിന്നും" എന്നതിന് ശേഷം "അവഗണനയിൽ നിന്നും വിവേചനത്തിൽ നിന്നും" എന്ന് ചേർക്കുക.

548. ഖണ്ഡം 3(i)-ൽ "പൗരന്മാരോട്" എന്നതിന് ശേഷം "സ്നേഹത്തോടെയും" എന്ന് ചേർക്കുക.

558. ഖണ്ഡം 3(ii)-ൽ, "വളർത്തുന്നതിനായി" എന്നതിന് പകരം "വർദ്ധിപ്പിക്കുന്നതിനായി" എന്ന് ചേർക്കുക.

580. ഖണ്ഡം 3(iii)-ൽ "പ്രാപ്യമായിരിക്കേണ്ടതാണ്" എന്നതിന് മുമ്പ് "ഏതുസമയത്തും" എന്ന് ചേർക്കുക.

599. ഖണ്ഡം 3(iv)-ൽ "സംസ്ഥാനം" എന്നതിന് പകരം "സർക്കാർ" എന്ന് ചേർക്കുക.

615. ഖണ്ഡം 3(v)-ൽ "പാർപ്പിടം," എന്നതിന് ശേഷം ", മാനസികോല്ലാസത്തിനുള്ള സൗകര്യങ്ങൾ" എന്ന് ചേർക്കുക.

മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു:

1287. ഖണ്ഡം 4(ii)-ൽ "സഹായിത" എന്നതിനുപകരം "സഹായത്തോടെയുള്ള" എന്ന് ചേർക്കുക.

1288. ഖണ്ഡം 4(vii)-ന്റെ മാർജിനൽ ശീർഷകത്തിൽ "ചെയ്യലും റിപ്പോർട്ട് ചെയ്യുന്നവർക്കുള്ള സംരക്ഷണവും" എന്നതിനുപകരം "ചെയ്യൽ" എന്ന് ചേർക്കുക.

630, 631, 638, 639, 641, 642, 643, 644, 649, 650, 655, 656, 657, 661, 662, 666, 667, 668, 669, 670, 672, 673, 674, 676, 677, 678, 681, 684, 685, 686, 688, 695, 700, 701, 703, 707, 708, 709, 710, 713, 718, 719, 720, 721, 722, 723, 725, 730, 736, 737, 744, 745, 746, 753, 759, 760, 761, 762, 767, 771, 772, 773 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

640. ഖണ്ഡം 4(i)-ൽ "അതിക്രമത്തെ അതിജീവിച്ചവരോ" എന്നതിന് പകരം "അതിക്രമത്തെയോ ഗുരുതര രോഗങ്ങളെയോ അതിജീവിച്ചവരോ" എന്ന് ചേർക്കുക.

733. ഖണ്ഡം 4(v)-ൽ, "കേരളം" എന്നതിന് പകരം "കേരള" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

702. ഖണ്ഡം 4(iv)-ൽ "സാക്ഷരതയുള്ളവർക്ക്" എന്നതിന് പകരം "പരിജ്ഞാനമുള്ളവർക്ക്" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

630. ഖണ്ഡം 4-ൽ "ഉറപ്പാക്കുന്നതിന്" എന്നതിന് പകരം "സംരക്ഷിക്കുന്നതിന്" എന്ന് ചേർക്കുക.

631. ഖണ്ഡം 4-ൽ "ഉചിതമായ" എന്നതിന് പകരം "ആവശ്യമായ" എന്ന് ചേർക്കുക.

650. ഖണ്ഡം 4 (i)-ൽ "പ്രവേശനവും" എന്നതിന് ശേഷം "സംരക്ഷണവും" എന്ന് ചേർക്കുക.

657. ഖണ്ഡം 4(i)-ൽ "പ്രവേശനം" എന്നതിന് പകരം "പ്രവേശനവും സംരക്ഷണവും" എന്ന് ചേർക്കുക.

678. ഖണ്ഡം 4(iii)-ൽ "പൗര സൗഹൃദ പ്രവേശനക്ഷമത" എന്നതിന് പകരം "പൗരന്മാർക്ക് സുഗമമായ പ്രവേശന സൗകര്യം" എന്ന് ചേർക്കുക.

686. ഖണ്ഡം 4(iii)-ൽ "കൃ" എന്നതിന് മുൻപായി "പ്രത്യേക" എന്ന് ചേർക്കുക.

695. ഖണ്ഡം 4(iii)-ൽ "ശുചിമുറികൾ" എന്നതിന് ശേഷം ",മറ്റ അടിസ്ഥാന സൗകര്യങ്ങൾ" എന്ന് ചേർക്കുക.

709. ഖണ്ഡം 4(iv)-ൽ "ലളിതമായ ഇന്റർഫേസുകൾ" എന്നതിന് പകരം "എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ സംവിധാനങ്ങൾ" എന്ന് ചേർക്കുക.

710. ഖണ്ഡം 4(iv)-ൽ "ഹൈ കോൺട്രാസ്റ്റ് ഡിസ്പ്ലേ മോഡുകൾ" എന്നതിന് പകരം "അക്ഷരങ്ങളും പശ്ചാത്തലവും വ്യക്തമായി വേർതിരിച്ച് കാണിക്കുന്ന പ്രദർശന രീതികൾ" എന്ന് ചേർക്കുക.

760. ഖണ്ഡം 4(vii)-ൽ "മരുന്നോ" എന്നതിന് ശേഷം "ചികിത്സയോ" എന്ന് ചേർക്കുക.

767. ഖണ്ഡം 4(vii)-ൽ "നൽകേണ്ടതാണ്" എന്നതിന് പകരം "നൽകേണ്ടതും ഏറ്റവും അടുത്ത പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടുകൂടി സ്വീകരിച്ചു.

669. ഖണ്ഡം 4(ii)-ൽ "ഭൂമിശാസ്ത്രപരമായി പ്രാപ്യമായ രീതിയിലും" എന്നതിനുപകരം "പ്രദേശഭേദമന്യേ എളുപ്പത്തിൽ ലഭ്യമാകുന്ന വിധത്തിലും" എന്ന് ചേർക്കുക.

707. ഖണ്ഡം 4(iv)-ൽ "ഇതര ബദലുകളുടെ" എന്നതിന് പകരം "സംവിധാനങ്ങൾക്ക് പകരമുള്ള സേവനങ്ങളുടെ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1289. ഖണ്ഡം 5(3)-ൽ "അംഗങ്ങളുടെ" എന്നതിന് ശേഷം "യോഗ്യത," എന്ന് ചേർക്കുക.

775, 776, 777, 786, 791, 792, 795, 796, 797, 799, 800, 803, 804, 805, 810, 818, 820 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

791. ഖണ്ഡം 5(i)(ഡി)-ൽ "മൂന്ന്" എന്നതിന് മുമ്പ് "ഒരു വനിത ഉൾപ്പെടെ" എന്ന് ചേർക്കുക.

810. ഖണ്ഡം 5(5)-ൽ " പഠനം" എന്നതിന് ശേഷം ",മനശാസ്ത്രം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1290. ഖണ്ഡം 6(1)(എച്ച്)-ൽ "വിദഗ്ദ്ധരും ജീവനക്കാരും" എന്നതിന് പകരം "വിദഗ്ദ്ധർ" എന്ന് ചേർക്കുക.

1291. ഖണ്ഡം 6(2)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരവും" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്ന് ചേർക്കുക.

822, 823, 825, 826, 834, 835, 836, 837, 838, 844 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

837. ഖണ്ഡം 6(1)(ജി)-ൽ "എന്നീ" എന്നതിന് പകരം "എന്നിവയിൽ ഏതെങ്കിലും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

846, 854, 855, 860, 869, 870, 873 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

846. ഖണ്ഡം 7(1)-ൽ " ഉറപ്പാക്കുന്നതിനായി" എന്നതിന് ശേഷമുള്ള " ജില്ലയിലെ" എന്നത് ഒഴിവാക്കുക.

869. ഖണ്ഡം 7(5)-ൽ, " സംബന്ധിച്ച പരാതികളിൽ സ്വമേധയാ" എന്നതിന് പകരം "സംബന്ധിച്ച് സ്വമേധയായോ പരാതികളിന്മേലോ" എന്ന് ചേർക്കുക.

മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1292. ഖണ്ഡം 8(3)-ൽ "അംഗങ്ങളുടെ" എന്നതിന് ശേഷം "യോഗ്യതയും" എന്ന് ചേർക്കുക.

882, 884, 886, 887, 893, 896, 897, 898, 899, 908, 914 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

887. ഖണ്ഡം 8(1)(ഡി)-ൽ, " മൂന്ന്" എന്നതിന് മുമ്പ് "ഒരു വനിത ഉൾപ്പടെ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1293. ഖണ്ഡം 9(3)-ൽ "നൽകേണ്ടതാണ്" എന്നതിന് പകരം "നൽകേണ്ടതുമാണ്" എന്ന് ചേർക്കുക.

1294. ഖണ്ഡം 9(6)-ൽ "ദാനം ചെയ്യുന്നതിനുള്ള കരാർ" എന്നതിന് പകരം "നൽകുന്നതിനും" എന്നും "ചെയ്യുന്നതിനുള്ള വിൽപത്രമോ കരാറോ എന്നിവ" എന്നതിന് പകരം "ചെയ്യുന്നതിനും ഉള്ള വിൽപത്രമോ സമ്മതപത്രമോ പ്രമാണമോ" എന്നും ചേർക്കുക.

1295. ഖണ്ഡം 9(7)-ൽ "ദാനം ചെയ്യുന്നതിനുള്ള കരാർ" എന്നതിന് പകരം "നൽകുന്നതിന്" എന്ന് ചേർക്കുക.

935, 936, 940, 941, 942 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

935. ഖണ്ഡം 9(5)-ൽ " തന്റെ" എന്നതിന് പകരം " തങ്ങളുടെ" എന്ന് ചേർക്കുക.

941. ഖണ്ഡം 9(7)-ൽ " സ്ഥാവര" എന്നതിന് ശേഷം " , ജംഗമ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1296. ഖണ്ഡം 10(5)-ൽ "സർക്കാർ " എന്നതിന് പകരം "മുതിർന്ന പൗര വകുപ്പ് ഡയറക്ടർ " എന്ന് ചേർക്കുക.

943, 948, 960, 978, 990 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

977. ഖണ്ഡം 10(3)-ൽ "വിനോദപരമോ" എന്നതിന് ശേഷം "ആത്മീയമോ" എന്ന് ചേർക്കുക.

986. ഖണ്ഡം 10(4)-ൽ " പീഡനങ്ങളോ" എന്നതിന് ശേഷം " പൗരാവകാശ ലംഘനങ്ങളോ ഭീഷണികളോ" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

978. ഖണ്ഡം 10(4)-ൽ "ഒരു തരത്തിലുമുള്ള" എന്നതിന് പകരം "യാതൊരു തരത്തിലുമുള്ള" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

1005, 1015, 1016, 1023, 1024 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1297. ഖണ്ഡം 12(4)-ൽ "നിർണ്ണയിക്കപ്പെട്ട നിശ്ചിത" എന്നതിന് പകരം "മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത" എന്ന് ചേർക്കുക.

1298. ഖണ്ഡം 12(17)-ൽ "പിഴ ചുമത്തേണ്ടതും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷമുള്ള "രജിസ്ട്രേഷനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കാവുന്നതുമാണ്." എന്നത് ഒഴിവാക്കേണ്ടതും "സ്ഥാപിക്കുന്ന" എന്നതിന് പകരം "രൂപീകരിക്കുന്ന" എന്നത് ചേർക്കേണ്ടതുമാണ്.

1025, 1033, 1039, 1040, 1051, 1052, 1055, 1057, 1062, 1067 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1053. ഖണ്ഡം 12(6)-ൽ "രജിസ്റ്ററിൽ" എന്നതിന് പകരം "രജിസ്റ്ററിലും ഇ- രജിസ്ട്രേഷൻ പോർട്ടലിലും" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1054. ഖണ്ഡം 12-ൽ 19-ാം ഉപവകുപ്പായി താഴെപ്പറയുന്നത് ചേർക്കാവുന്നതാണ്.

(ix) "ഉപഖണ്ഡം 19-ൽ ഓരോ മുതിർന്ന പൗരപരിചരണ കേന്ദ്രങ്ങളും രജിസ്റ്റർ ചെയ്തതിന് ശേഷം അവർക്ക് ലഭ്യമായ രജിസ്ട്രേഷൻ നമ്പർ വ്യക്തമായി കാണുന്നവിധം മുതിർന്ന പൗരപരിചരണ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്."

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

1068, 1078 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

1082, 1083, 1084,1085 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1299. ഖണ്ഡം 15(4)-ൽ " സർക്കാർ" എന്നത് ഒഴിവാക്കുക.

1300. ഖണ്ഡം 15(5)-ൽ " ഏജൻസികളിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് പരിചരണദാതാക്കളോട്" എന്നതിന് പകരം " പരിചരണദാതാക്കൾ ഏജൻസികളിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത്," എന്ന് ചേർക്കുക.

1086, 1087, 1088, 1089, 1095, 1103, 1110, 1116, 1119 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

1124, 1125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1301. ഖണ്ഡം 17(2)-ൽ " സംബന്ധിച്ചതുൾപ്പെടെ," എന്നതിന് പകരം " സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി" എന്ന് ചേർക്കുക.

1302. ഖണ്ഡം 17(3)-ൽ " യൂണിറ്റ്" എന്നതിന് പകരം " യൂണിറ്റിലേക്ക്" എന്ന് ചേർക്കുക.

1134, 1145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1145. ഖണ്ഡം 17(2)-ന്റെ ക്ലിപ്തനിബന്ധനയിൽ, " വെളിപ്പെടുത്താൻ" എന്നതിന് പകരം "വെളിപ്പെടുത്തുവാൻ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

1134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

1152, 1162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1303. ഖണ്ഡം 19(1)-ൽ " സംസ്ഥാന മുതിർന്ന പൗര സംരക്ഷണ യൂണിറ്റ്" എന്നതിന് പകരം " മുതിർന്ന പൗര വകുപ്പ് ഡയറക്ടർ" എന്ന് ചേർക്കുക.

1304. ഖണ്ഡം 19(2)-ൽ " കണ്ടെത്തി" എന്നതിന് ശേഷം " മുതിർന്ന പൗര വകുപ്പ് ഡയറക്ടർ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

1186-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മുഖ്യമന്ത്രി 1186-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

1186. ഖണ്ഡം 20-ൽ " നിയോഗിക്കേണ്ടതുമാണ്" എന്നതിന് പകരം

" നിയോഗിക്കേണ്ടതും ഒരു പ്രത്യേക ഹെൽപ്പ് ലൈൻ നമ്പർ മുഖേന മുതിർന്ന പൗരന്മാർക്ക് വേണ്ടി 24 മണിക്കൂറും ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിപ്പിക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

1187-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1305. ഖണ്ഡം 23(1)-ൽ " സ്ഥാപിക്കേണ്ടതാണ്" എന്നതിന് പകരം

" രൂപീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

1306. ഖണ്ഡം 23(5)-ൽ " ചട്ടങ്ങളിൽ" എന്നത് ഒഴിവാക്കുക.

1188, 1193, 1194, 1209, 1213 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1202. ഖണ്ഡം 23(2)(എഫ്)-ൽ "ബാങ്ക് അക്കൗണ്ടിലെ" എന്നതിന് പകരം "ബാങ്ക് അക്കൗണ്ടിലേയോ ട്രഷറി അക്കൗണ്ടിലേയോ" എന്ന് ചേർക്കുക.

1211. ഖണ്ഡം 23(3)-ൽ "ദേശസാൽകൃത ബാങ്കിൽ" എന്നതിന് പകരം "ദേശസാൽകൃത ബാങ്കിലോ ട്രഷറിയിലോ" എന്ന് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതി മുഖ്യമന്ത്രി സ്വീകരിച്ചു.

1193. ഖണ്ഡം 23(2)(ഡി)-ൽ " ഫീസ്" എന്നതിന് പകരം " ഫീസ്," എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല.)

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1307. ഖണ്ഡം 25-ന്റെ മാർജിനൽ ശീർഷകത്തിൽ " വാർഷിക റിപ്പോർട്ടും ഭരണ റിപ്പോർട്ടും" എന്നതിന് പകരം " വാർഷിക ഭരണ റിപ്പോർട്ട്" എന്ന് ചേർക്കുക.

1308. ഖണ്ഡം 25(1)-ൽ " ചട്ടങ്ങളിൽ" എന്നത് ഒഴിവാക്കുക.

1217, 1219 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1227. ഖണ്ഡം 26(1)-ൽ " ഏജൻസികൾക്കും" എന്നതിന് ശേഷം "വകുപ്പുകൾക്കും" എന്ന് ചേർക്കുക.

1309. ഖണ്ഡം 26(3)-ൽ " പോലീസ് വകുപ്പിന്" എന്നതിന് പകരം " ആഭ്യന്തര വകുപ്പിന്" എന്ന് ചേർക്കുക.

മുഖ്യമന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(2)-ാം ഉപവകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഈ ആക്ട് പ്രാബല്യത്തിൽ വന്നശേഷം തയ്യാറാക്കുന്ന കെട്ടിടം, കെട്ടിട യൂണിറ്റ്, അപ്പാർട്ട്മെന്റ്, കോളനി, ഷോപ്പിങ് കോംപ്ലക്സ് അല്ലെങ്കിൽ മറ്റേതെങ്കിലും സിവിൽ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനുള്ള ഓരോ ഭ്രവികസന പ്ലാനും, രേഖാചിത്രവും മുതിർന്ന പൗര സൗഹൃദമായി രൂപകൽപന ചെയ്തിട്ടുള്ളതാണെന്നും ഈ ആക്ട് പ്രാബല്യത്തിൽ വന്നശേഷം പുതുതായി നിർമ്മിക്കുന്ന ഓരോ താമസ കെട്ടിടത്തിലും മുതിർന്ന പൗരന്മാർക്ക് സുഗമമായ പ്രവേശന സൗകര്യവും, മുതിർന്ന പൗര സൗഹൃദമായ താമസ സൗകര്യങ്ങളുമുള്ളതാണെന്നും ഉറപ്പാക്കുന്നതിന്, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ നിർദേശങ്ങൾ നൽകേണ്ടതാണ്."

11-ാം ഉപവകുപ്പായി താഴെപ്പറയും പ്രകാരം ചേർക്കുക.

"(11) വിദ്യാർഥികളിൽ സാമൂഹിക പ്രതിബദ്ധതയും മാനവികമൂല്യങ്ങളും വളർത്തുന്നതിന്റെ ഭാഗമായി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക്

വിദ്യാലയ പരിസരത്തുള്ള മുതിർന്ന പൗര പരിചരണ കേന്ദ്രം സന്ദർശിക്കുന്നതിനും മുതിർന്ന പൗരന്മാരെ പരിചരിക്കുന്നതിനും അവർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനും അവസരമൊരുക്കുന്ന 'ഇന്റേൺഷിപ് പദ്ധതി നടപ്പിലാക്കാവുന്നതും ഇതിലൂടെ ഒറ്റപ്പെടൽ അനുഭവിക്കുന്ന വയോജനങ്ങളുമായി സൗഹൃദം സ്ഥാപിക്കുക, അവരുടെ ദൈനംദിന ജീവിതത്തിലെ പ്രയാസങ്ങൾ മനസിലാക്കുക, ആരോഗ്യക്ഷേമ കാര്യങ്ങളിൽ ശ്രദ്ധ പുലർത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ വിദ്യാർഥികൾക്ക് പങ്കാളികളാകുന്നതിന് അവസരമൊരുക്കാവുന്നതാണ്.”

1221, 1237, 1238, 1248, 1254 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1310. ഖണ്ഡം 27(1)-ന്റെ മാർജിനൽ ശീർഷകത്തിൽ “ സ്വമേധയായുള്ള സംഭാവനകൾ നൽകുന്നതിനുള്ള” എന്നതിന് പകരം “ സ്വത്തുക്കൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനുള്ള” എന്ന് ചേർക്കുക.

1311. ഖണ്ഡം 27(1)-ൽ “ സ്വമേധയാ ദാനം ചെയ്യാൻ” എന്നതിന് പകരം “ ലഭിക്കത്തക്ക രീതിയിൽ വ്യവസ്ഥ ചെയ്യാൻ” എന്നും “ കരാർ” എന്ന് വരുന്നിടത്തെല്ലാം പകരം “ പ്രമാണം” എന്ന് ചേർക്കുകയും ചെയ്യുക.

1312. ഖണ്ഡം 27(1)-ന്റെ ക്ലിപ്തനിബന്ധനയിൽ “ നിയമങ്ങൾ പ്രകാരമുള്ള സ്വത്ത് കൈമാറ്റത്തിന് ഈ വകുപ്പിലെ യാതൊന്നും അധികാരം നൽകുന്നില്ല” എന്നതിന് പകരം “ നിയമങ്ങളെ ഈ വകുപ്പ് യാതൊരു രീതിയിലും ബാധിക്കുന്നതല്ല” എന്ന് ചേർക്കുക.

1255, 1256 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

1260, 1261 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊൻപതാം വകുപ്പ്

1262, 1265 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1262. ഖണ്ഡം 29(1)-ൽ " അധികാരി," എന്നതിന് ശേഷം " പരേതന്റെ" എന്ന് ചേർക്കുക.

മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1313. ഖണ്ഡം 30(2)-ൽ " ഉത്സാഹിപ്പിക്കുകയോ" എന്നതിന് പകരം " പ്രോത്സാഹിപ്പിക്കുകയോ" എന്ന് ചേർക്കുക.

1314. ഖണ്ഡം 30(4)-ന്റെ വിശദീകരണത്തിൽ " നിർബന്ധിതനാക്കാൻ ഇടയുള്ളതോ" എന്നതിന് ശേഷം " അല്ലെങ്കിൽ മുതിർന്ന പൗരന് അന്തസ്സായി

ജീവിക്കുന്നതിനാവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ അവഗണിക്കൽ അല്ലെങ്കിൽ അവശ്യസാധനങ്ങളും സേവനങ്ങളും നിഷേധിക്കൽ" എന്ന് ചേർക്കുക.

1315. ഖണ്ഡം 30(5)-ന് പകരം താഴെപ്പറയുന്നത് ചേർക്കുക.

" (5) ഒരു മുതിർന്ന പൗരന്റെ പരിചരണത്തിനോ സംരക്ഷണത്തിനോ ചുമതലയുള്ള ഏതൊരാളും, ആ മുതിർന്ന പൗരനെ പൂർണ്ണമായും ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ ഏതെങ്കിലും ഒരു സ്ഥലത്ത് അവരെ ഉപേക്ഷിക്കുന്നപക്ഷം, 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്ടിലെ (2007-ലെ 56-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നടപടിക്രമങ്ങൾക്ക് വിധേയനാക്കപ്പെടാനും ശിക്ഷിക്കപ്പെടാനും ബാധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ, അത്തരം ഉപേക്ഷിക്കലിൽ (4)-ാം ഉപവകുപ്പ് പ്രകാരം കുറ്റകരമാകുന്ന ശാരീരികമോ മാനസികമോ ആയ ക്രൂരത ഉൾപ്പെടുന്ന ഏതെങ്കിലും പ്രവൃത്തി കൂടി നടന്നിട്ടുണ്ടെങ്കിൽ അത്തരം പ്രത്യേക കുറ്റകൃത്യത്തിന്, മുൻപറഞ്ഞ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ആ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്."

1316. ഖണ്ഡം 30(7)-ൽ " ,(5)" എന്നത് ഒഴിവാക്കുക.

1266, 1269, 1277, 1278 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1266. ഖണ്ഡം 30(2)-ൽ " രണ്ട് വർഷം വരെ ആകാവുന്ന" എന്നതിന് ശേഷം " കാലത്തേക്കുള്ള" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയൊന്നും മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

മുപ്പത്തിയൊന്നും മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നും മുപ്പത്തിരണ്ടും മുപ്പത്തിമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

മുപ്പത്തിനാലാം വകുപ്പ്

1279-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയഞ്ചാം വകുപ്പ്

മുഖ്യമന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

1317. ഖണ്ഡം 35(2)(ബി)-ൽ " അംഗങ്ങളുടെ" എന്നതിന് ശേഷം " യോഗ്യത," എന്ന് ചേർക്കുക.

1318. ഖണ്ഡം 35(2)(എഫ്)-ൽ " അംഗങ്ങളുടെ" എന്നതിന് ശേഷം " യോഗ്യത," എന്ന് ചേർക്കുക.

1319. ഖണ്ഡം 35(2)(കെ)-ൽ " ,രജിസ്ട്രേഷനുള്ള അപേക്ഷയിൽ ന്യൂനതയുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സമയപരിധി എന്നിവ" എന്നത് ഒഴിവാക്കുക.

1320. ഖണ്ഡം 35(2)(ഡബ്ല്യൂ)-ൽ " വാർഷിക റിപ്പോർട്ടും വാർഷിക ഭരണ റിപ്പോർട്ടും" എന്നതിന് പകരം " വാർഷിക ഭരണ റിപ്പോർട്ട്" എന്ന് ചേർക്കുക.

1321. ഖണ്ഡം 35(2)(വൈ)-ൽ " ദാനം ചെയ്യുന്നതിനായി ഒപ്പുവയ്ക്കേണ്ട കരാറിന്റെ ഫാറം" എന്നതിന് പകരം " ലഭിക്കത്തക്ക രീതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതി" എന്ന് ചേർക്കുക.

1280-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മുഖ്യമന്ത്രി 1280-ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

1280. ഖണ്ഡം 35(2)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

" (3) ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിന്ശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയതിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലയിരിക്കേണ്ടതാണ്."

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

1281-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

129, 133, 134, 142, 145, 149, 154, 159, 162, 171, 174, 180, 198, 206, 208, 220, 222, 223, 226, 230, 234, 237, 240 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ദീർഘശീർഷകത്തിൽ 'വ്യത്യസ്ത സ്വഭാവത്തിലുള്ള മുതിർന്ന പൗരന്മാരുടെ' എന്ന വാക്കുകൾക്ക് പകരം 'മുതിർന്ന പൗരന്മാർക്കായുള്ള വ്യത്യസ്ത സ്വഭാവത്തിലുള്ള' എന്ന വാക്കുകൾ ചേർക്കണം.

താഴെപ്പറയുന്ന ഭേദഗതി മുഖ്യമന്ത്രി സ്വീകരിച്ചു.

208. പീഠികയിൽ " വ്യത്യസ്ത സ്വഭാവത്തിലുള്ള മുതിർന്ന പൗരന്മാരുടെ" എന്നതിന് പകരം " മുതിർന്ന പൗരന്മാർക്കായുള്ള വ്യത്യസ്ത സ്വഭാവത്തിലുള്ള" എന്ന് ചേർക്കുക.

വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൂന്നാം വായന

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിനുള്ള ബിൽ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. പൊതുസ്ഥലങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും അമ്പലനടകളിലും മറ്റും പ്രായംചെന്ന രക്ഷകർത്താക്കളെ ഉപേക്ഷിച്ചുപോകുകയും മുതിർന്ന പൗരന്മാരുടെ സംഖ്യ വർധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ ഈ ബില്ലിന്റെ ഗൗരവം വർധിക്കുന്നു. മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്ന വിദേശ മാതൃക നമുക്കും പിന്തുടരാവുന്നതാണ്.

ശ്രീ. കെ. രാജൻ: കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി എൽഡേർലി ബജറ്റ് അവതരിപ്പിച്ചതും വയോജന കമ്മീഷൻ, 'വയോമിത്രം' , 'മന്ദഹാസം' തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയതും വയോജനങ്ങളെ സംരക്ഷിക്കുകയെന്ന

ലക്ഷ്യത്തോടെയാണ്. വയോജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നിയമനിർമ്മാണത്തിന് രാഷ്ട്രീയഭേദമന്യേയുള്ള പിന്തുണയുണ്ടാകണം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വയോജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് രാജ്യത്തിനുതന്നെ മാതൃകയാകുന്നവിധത്തിൽ നിയമനിർമ്മാണം നടപ്പാക്കാൻ സാധിച്ച ആദ്യ സംസ്ഥാനം കേരളമാണെന്നത് അഭിമാനകരമാണ്. സാങ്കേതികവിദ്യാ വികാസം നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ യുവതലമുറയുടെ ജനസംഖ്യയുണ്ടായിരിക്കുന്ന കുറവ് ഗൗരവതരമാണ്. ഈ നിയമം നടപ്പാക്കുന്നതോടെ മുതിർന്നവരെ ബഹുമാനിക്കുന്നത് നിയമപരമായി അനിവാര്യമാണെന്ന തോന്നൽ യുവജനങ്ങൾക്കിടയിലുണ്ടാകും. രാഷ്ട്രീയഭേദമന്യേയുള്ള അംഗീകാരത്തോടെ നിയമം പാസ്സാക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: വയോജനങ്ങളോട് കേരളത്തിലെ വിവിധ സർക്കാരുകൾക്കുണ്ടായിരുന്ന പ്രതിബദ്ധതയുടെ തുടർച്ചയാണ് ഈ നിയമം. ഇന്ത്യയിൽ പ്രായമായ കർഷകരുൾപ്പെടെ 60 ലക്ഷത്തിലധികം തൊഴിലാളികൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ നൽകാൻ സാധിച്ചതും Elderly Budget അവതരിപ്പിച്ചതും വയോജനങ്ങളുടെ അറിവും കാര്യക്ഷമതയും ഉപയോഗപ്രദമാകുന്ന രീതിയിലുള്ള പദ്ധതിക്ക് തുടക്കമിട്ടതും കേരളമാണെന്നതിൽ അഭിമാനിക്കുന്നു. വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി രൂപീകരിച്ച വയോജന കമ്മീഷൻ ഉൾപ്പെടെയുള്ള നിരവധി പദ്ധതികളെ ശക്തിപ്പെടുത്തുന്നതിന് ഈ നിയമം സഹായകമാകും. കേരളത്തിലെ ജനസംഖ്യയിലുണ്ടായിരിക്കുന്ന കുറവ് ഗൗരവമായി പരിശോധിക്കേണ്ടതാണ്. വയോജനങ്ങൾ നേരിടുന്ന വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നടപടികളുണ്ടാകണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധത്തിൽ വയോജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കൊണ്ടുവന്ന ഈ ബില്ലിനെ പിന്തുണയ്ക്കുന്നു. ഭാരത സംസ്കാരത്തിന്റെ മാതൃകയിൽ മാതാപിതാക്കളെ ചേർത്തുപിടിക്കാനുള്ള ഉത്തരവാദിത്വം കേരള നിയമസഭ മാതൃകാപരമായി പ്രകടിപ്പിക്കുന്നതിന്റെ തെളിവാണ് ഈ നിയമ നിർമ്മാണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള പുതിയ നിയമനിർമ്മാണം അഭിനന്ദനാർഹമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വൃദ്ധജനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. മുതിർന്ന പൗരന്മാരുടെ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്തണം. ബസുകളും ട്രെയിനുകളും വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീമതി കെ. കെ. രമ: ചരിത്രപ്രസിദ്ധമായ നിയമമാണിത്. ജനക്ഷേമകരമായ നിരവധി തീരുമാനങ്ങളുമായി മുന്നേറുന്ന സർക്കാരിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ. വിഷ്ണു മോഹൻ: കേരളത്തിലെ മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണത്തിനായുള്ള പുതിയ നിയമനിർമ്മാണം മാതൃകാപരമാണ്. യൗവനകാലത്ത് നാടിനായി സേവനം അർപ്പിക്കുന്നവർക്ക് ഭാവിയിൽ സർക്കാരിന്റെ സുരക്ഷിതത്വം ഉറപ്പുനൽകുന്ന നിയമം കേരളത്തിലെ യുവജനങ്ങൾക്കിടയിൽ വലിയ പ്രതീക്ഷയാണ് നൽകുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): മുതിർന്ന പൗരന്മാരുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പാക്കുന്നതാണ് ഈ നിയമം. മന്ത്രിമാരും ഭരണ-പ്രതിപക്ഷ അംഗങ്ങളും സഹകരണ മനോഭാവത്തോടെ നിരവധി ഭേദഗതികൾ നിർദേശിച്ചതിലൂടെ നിയമം കൂടുതൽ മികവുറ്റതായി. നിയമവകുപ്പ്, സീനിയർ സിറ്റിസൺസ് വകുപ്പ്, നിയമസഭാ സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ ഈ നിയമം കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മെഡിക്കൽ സയൻസിന്റെയും ഫ്യൂച്ചർ ടെക്നോളജിയുടെയും വളർച്ചയിലൂടെ മനുഷ്യന്റെ ആയുർദൈർഘ്യം വർധിക്കുന്നത് ഉൾക്കൊണ്ടുകൊണ്ടാണ് പുതിയ നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. മുതിർന്ന പൗരന്മാരെ സജീവവും ക്രിയാത്മകവുമാക്കുക എന്നതാണ് നിയമത്തിന്റെ ലക്ഷ്യം.

മി. സ്പീക്കർ: മുതിർന്ന പൗരന്മാർക്കുവേണ്ടി ചരിത്രപരമായ നിയമം പാസ്സാക്കിയതിന് മുഖ്യമന്ത്രിയെയും സഭയിലെ മുഴുവൻ അംഗങ്ങളെയും അഭിനന്ദിക്കുന്നു. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന ഈ ഏകകണ്ഠമായ തീരുമാനം കേരളത്തിന് അഭിമാനകരമാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശ സംരക്ഷണവും) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

VI അറിയിപ്പ്

പമ്പാ ബ്ലോക്കിന്റെ താക്കോൽ കൈമാറ്റം

മി. സ്പീക്കർ: ലെജിസ്ലേറ്റേഴ്സ് ഹോമിലെ പുനർനിർമ്മിച്ച പമ്പ ബ്ലോക്കിന്റെ താക്കോൽ കൈമാറ്റ ചടങ്ങിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു. 64 എം.എൽ.എ.-മാർക്ക് താമസ സൗകര്യം ഒരുങ്ങിയതോടെ എല്ലാ നിയമസഭാംഗങ്ങൾക്കും താമസ സൗകര്യമുള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുകയാണ്.

സഭ വൈകുന്നേരം 6.01-ന് പിരിഞ്ഞു.